**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1331** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകൾക്കും അംഗീകാരം നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമ്പോൾ നിലവിൽ അംഗീകാരം ലഭിക്കാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾക്കും അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | സർക്കാർ നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അപേക്ഷകൾ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്ത് പാവപ്പെട്ട വിദ്യാർത്ഥികൾക്കായി നല്ല നിലയിൽ പ്രവർത്തിക്കുന്നതും എന്നാൽ അംഗീകാരം ലഭിക്കാത്തതുമായ മുഴുവൻ സ്കൂളുകൾക്കും അടിയന്തരമായി അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | സർക്കാർ നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അപേക്ഷകൾ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകി വരുന്നു. |
| (സി) | അംഗീകാരം ലഭിക്കുന്നതിനുവേണ്ടി എന്നത്തേക്ക് അപേക്ഷകൾ ക്ഷണിക്കുമെന്നും നിലവിൽ അംഗീകാരത്തിന് വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ? | (സി) | സ.ഉ.(എം.എസ്)നം.45/2019/ പൊ.വി.വ തീയതി 22.05.2019 പ്രകാരം സംസ്ഥാന സിലബസിലുള്ള സ്കൂളുകൾക്കും സ.ഉ.(എം.എസ്)നം.22/2019/ പൊ.വി.വ തീയതി 01.03.2019 പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സിലബസിലുള്ള സ്കൂളുകൾക്കും അംഗീകാരത്തിനു വേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(എം.എസ്) നം.233/2021/ പൊ.വി.വ തീയതി 22.10.2021 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് സ്കൂളധികൃതർ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഒക്ടോബർ 15 നകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ